# Disability and Islamic Ideology: A study based on the Quran

**Anjali Mohan M R**

*Islam is not merely a personal philosophy; it has numerous dimensions. It has multiple facets, and Islam does not consider one Muslim superior to another. When analyzing Islamic history, one can observe perspectives that see all humans as imperfect and interdependent. Islam asserts that cultural aspects linked with personal identity, such as values like curse, burden, grace, power, compassion, and thoughtfulness, can be seen through the lens of disability. Reading the Quran, the primary scripture of Islam, allows for examination and understanding of the readings related to acceptance and perspectives on inclusivity and integration. This study aims to analyze the foundational principles and attitudes of Islamic teachings, rooted in the Quran, regarding disability and the Islamic perspective on a person with disability. This exploration aligns with the core of Islamic teachings, connecting the foundational principles of Islamic education with disability.*

**Key words:** Islam, Disability, Quran, Muslim, Completeness - Incompleteness Concepts.

## Reference

Assan,K. (2019). *Islamika Charithram*, Thiruvananthapuram: Kerala Basha institute.

Cheriyamundam Abdul hameed, kunju Muhammad parappur(Translation). (2013). *Vishudha Quran sampoorna Malayala paribhasha*, Al medina: Malik Fahd Quran printing press.

Syed Mohiuddin Shah, Muhammad.V& Kuttiyamu T P(Edi.). (2006). *Islamika darshanam,* Thiruvananthapuram:Kerala Bhasha institute.
Aslam hudavi kunnathil. (2021). V*ardhakyam, Avashatha, Binnasheshi: Islam idam kodukkunna vidham,* Malappuram: Thelicham Magazine.
Raees hidaya. (2021). *Nammude samudayam ethra Mathram Binnasheshi souhrudhamaanu,* Malappuram: Thelicham Magazine.

**Anjali Mohan M R**
Research scholar
K K T M Govt. College Pullut, Kodungallur
Thrissur
Pin: 680663
India
Mail: anjalimohanmr@gmail.com
Ph.No: +91 9446204970
ORCID: 0009-0002-4743-8774

# ഡിസെബിലിറ്റിയും ഇസ്ലാമിക സങ്കല്പനവും: ഖുർആൻ മുൻനിർത്തിയുള്ള പഠനം

അഞ്ജലി മോഹൻ എം.ആർ

ഇസ്ലാം എന്നത് ഏകശിലാത്മകമായ പ്രത്യയശാസ്ത്രമല്ല. അതിന് നിരവധി അടരുകളുണ്ട്. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനേക്കാൾ ഉന്നതനാണെന്ന് ഇസ്ലാം വിശ്വസിക്കുന്നില്ല. എല്ലാ മനുഷ്യരിൽ നിന്നും നിർഭയത്വം ഉണ്ടാകുമ്പോൾ മാത്രമേ മനസ്സ് സ്വസ്ഥമാകുകയുള്ളു എന്നാണ് ഇസ്ലാമിക മനോഭാവം. സഹജീവികൾ, ജന്തുജാലങ്ങൾ, സസ്യങ്ങൾ, വിശാലമായ ഭൂഗോളം, ബഹിരാകാശം ഇവയുടെയൊക്കെ സുന്ദരമായ നിലനിൽപ്പും സുഖവുമാണ് സമാധാനം കൊണ്ട് ഇസ്ലാം ലക്ഷ്യമാക്കുന്നത്. പ്രപഞ്ചത്തിലെ ഓരോ ഘടകത്തെയും ഓരോ ചലനത്തെയും സ്പർശിക്കുന്ന സ്വയംപരിപൂർണമായ സത്യ-ധർമകർമസിദ്ധാന്തങ്ങളുടെ ആകത്തുകയാണ് ഇസ്ലാം. ഇസ്ലാമികചരിത്രം വിശകലനം ചെയ്യുമ്പോൾ മനുഷ്യരെല്ലാം അപൂർണ്ണരും പരസ്പരാശ്രിതരുമാണെന്ന കാഴ്ചപ്പാടുകൾ പലയിടങ്ങളിലും പ്രതിഫലിക്കുന്നതായി കാണാം. അടിസ്ഥാനപരമായി മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദൗർബല്യങ്ങളോടുള്ള വിദ്വേഷ മനോഭാവത്തെ മറികടന്ന് അതിനെ ഒരു അനിവാര്യസത്യമായിക്കണ്ട് അല്ലാഹുവിന് മുന്നിൽ സ്വത്വത്തെ സമർപ്പിക്കാനാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. ആത്മീയ വ്യക്തിത്വവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സംസ്കാരങ്ങൾ ശാപം, ഭാരം, അനുഗ്രഹം, ശക്തി, ദയ, കരുതൽ തുടങ്ങിയ നിലകളിലാണ് സിസബിലിറ്റിയെ സമീപിക്കുന്നതെന്ന് മനസ്സിലാക്കാം. സംസ ്കാരവും ആത്മീയതയും ഡിസെബിലിറ്റിയെ സംബന്ധിച്ച

വ്യക്തിയുടെ കാഴ്ചപ്പാടിൽ പലപ്പോഴും സ്വാധീനം ചെലുത്താറുണ്ട്. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഖുർ- ആൻ വായന സാധ്യമാക്കുന്നത് അംഗീകരണത്തിന്റെയും ഉൾച്ചേർക്കലുകളുടെയും വീക്ഷണങ്ങളാണ്. മനുഷ്യ ജീവിതം, വിശ്വാസം, വിജ്ഞാനം, വിനയം, വിപ്ലവം, വിമോചനം, സ്നേഹം, കരുണ, മാനവികമൂല്യങ്ങൾ തുടങ്ങി മനുഷ്യനെ ബാധിക്കുന്ന സകല കാര്യങ്ങളെ സംബന്ധിച്ചും ഇസ്ലാമിന്റെ പ്രഥമ പ്രമാണമായ വിശുദ്ധ ഖുർ-ആനിൽ ചർച്ചചെയ്യപ്പെടുന്നു. സത്യം, നീതി, സ്വാതന്ത്ര്യം, സഹിഷ്ണുത ഇവ പൂർണ്ണമായും ഖുർആൻ അംഗീകരിക്കുന്നതായി കാണാം. ഇസ്ലാമിക അധ്യാപനത്തിന്റെ പ്രാഥമിക സ്രോതസ്സായ ഖുർആൻ അടിസ്ഥാനമാക്കി ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട ഇസ്ലാമിക നിലപാടും മനോഭാവവും വിശകലനം ചെയ്യുകയാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ:** ഇസ്ലാം, ഡിസെബിലിറ്റി, ഖുർആൻ, മുസ്ലിം, പൂർണ്ണത, അപൂർണ്ണത സങ്കല്പങ്ങൾ.

**ആമുഖം:**

മനുഷ്യനെ വ്യത്യസ്തമായി സൃഷ്ടിച്ചിരിക്കുന്നു എന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. നിറത്തിലും മാനസികാവസ്ഥയിലും കഴിവുകളിലും നമ്മൾ ഒരുപോലെയല്ലെന്നും, അതിനാൽ പരസ്പരം സഹകരിക്കുകയും പഠിക്കുകയും വേണമെന്ന് ഇസ്ലാം പറയുന്നു. ഡിസെബിലിറ്റി എന്ന വിഷയത്തെ വളരെ പ്രാധാന്യത്തോടെ സമീപിക്കുകയും അതുമായി ബന്ധപ്പെട്ട നിരവധി ചർച്ചകൾക്കും മാർഗനിർദ്ദേശങ്ങൾക്കും ഇടം നല്കുന്നതുമായ സമീപനമാണ് ഇസ്ലാമിന്റേത്. ചലന പരിമിതി (Locomotor disability), കുഷ്ഠരോഗ വിമുക്തർ (Leprosy cured), മസ്തിഷ്ക തളർ വാതം (Cerebral Palsy), ഉയരമില്ലായ്മ (Dwarfism), പേശീ ക്ഷയം (Muscular dystrophy), ആസിഡ് അക്രമ ഇരകൾ (Acid attack victims), കാഴ്ച പരിമിതി (Blindness), കാഴ്ച കുറവ് (Long vision), കേൾവി കുറവ് (Hearing impairment), സംസാര ശേഷി കുറവ് (Aphaxia), പഠന വെല്ലുവിളി നേരിടുന്നവർ (Specific learning disability), സംസാര ഭാഷ ന്യൂനത (Speech and Language disability), ഓട്ടിസം (Autism spectrum disarder). മാനസീകരോഗം (Mental illness), മൾട്ടിപ്പിൾ സ്ക്ലിറോസിസ്, പാർക്കിൻസൺസ്, ഹീമോഫീലിയ, തലാസീമിയ, സിക്കിൾസ് അനീമിയ, ബഹുമുഖ വെല്ലുവിളികൾ (Multiple disability) തുടങ്ങിയ അവസ്ഥകളിലൂടെ കടന്നുപോകുന്നവരാണ് ഡിസെബിൾഡ് സമൂഹത്തിൽ ഉൾപ്പെടുന്നത്. സംസ്കാരവും

ആത്മീയതയും ഡിസെബിലിറ്റിയെ സംബന്ധിച്ച വ്യക്തിയുടെ കാഴ്ചപ്പാടിൽ പലപ്പോഴും സ്വാധീനം ചെലുത്താറുണ്ട്. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഖുർ-ആൻ വായന സാധ്യമാക്കുന്നത് അംഗീകരണത്തിന്റെയും ഉൾച്ചേർക്കലുകളുടെയും വീക്ഷണങ്ങളാണ്. വ്യക്തിയുടെ ആത്മീയവിഷ്ക്കാരമെന്ന നിലയിൽ 'ഇസ്ലാം' എപ്രകാരമാണ് ഡിസെബിലിറ്റി സമൂഹത്തിൽ ഇടപെട്ടിരിക്കുന്നതെന്ന് ഖുർ-ആൻ പരിശോധിച്ചുകൊണ്ട് വിശദമാക്കാനാണ് ഈ പഠനം ശ്രമിക്കുന്നത്.

**ഡിസെബിലിറ്റിയും ഇസ്ലാമും**

മനുഷ്യന്റെ നിലനിൽപിന് ആവശ്യമായ ശക്തിയും ഊർജ്ജവും പ്രദാനം ചെയ്യാൻ കഴിവുള്ള മതം എന്നാണ് ലോക പ്രശസ്ത ചിന്തകനും സാഹിത്യകാരനുമായ ഡോ.ജോർജ് ബർണാഡ് ഷാ ഇസ്ലാമിനെ നിർവചിച്ചത്. ഇസ്ലാം എന്നത് ഒരു വ്യക്തി സ്ഥാപിച്ചതോ ഒരു പ്രത്യേക ജനവിഭാഗത്തെ ഉദ്ദേശിച്ചുണ്ടായതോ ആയ ഒരു മതമല്ല. 'മതം' എന്ന പദംകൊണ്ടു സാധാരണ അർഥമാക്കുന്നതിൽ നിന്നു വ്യത്യസ്തമായി ആ പദത്തിലൊതുങ്ങാത്ത അത്യഗാധവും അതിവിപുലവുമായ ഒരാശയമത്രേ ഇസ്ലാം ഉൾക്കൊള്ളുന്നത്. പ്രപഞ്ചത്തിലെ ഓരോ ഘടകത്തെയും ഓരോ ചലനത്തെയും സ്പർശിക്കുന്ന സ്വയംപരിപൂർണമായ സത്യ-ധർമകർമസിദ്ധാന്തങ്ങളുടെ ആകത്തുക യാണ് ഇസ്ലാം. ദൈവമാണ് അതിന്റെ ശക്തികേന്ദ്രം. ദൈവത്തോടുള്ള പരിപൂർണമായ വിധേയത്വമാണ് ഇസ്ലാം. അതിന്റെ പ്രകാശം ദൃശ്യാദൃശ്യ ലോകങ്ങൾക്ക് അതീതമായി വ്യാപിക്കുന്നു. അതിന്റെ ചരിത്രം പ്രപഞ്ചോൽപ്പത്തിക്ക് മുമ്പ് മുതൽ പ്രപഞ്ചവിനാശ കാലത്തിനപ്പുറമുള്ള അനന്തതയിലേക്കു കൂടി വ്യാപിച്ചു കിടക്കുന്നു. അതിന്റെ തത്വശാസ്ത്രം പരമസത്യം തന്നെ. മനുഷ്യാർജിതങ്ങളായ വിജ്ഞാന സമ്പത്തുകളെല്ലാം ആ വിജ്ഞാനപാരാവാരത്തിലെ ചെറുകണങ്ങൾ മാത്രമാകുന്നു. ഇസ്ലാമിനെക്കുറിച്ചുള്ള മേൽ പ്രസ്താവങ്ങൾ ഒരു വ്യക്തിയുടെ ഭാവനാജന്യങ്ങളായ സിദ്ധാന്തങ്ങളല്ല; വ്യക്തവും ലളിതവുമായ ഭാഷയിൽ സാമാന്യബുദ്ധിക്ക് ഗ്രഹിച്ചു മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ അതിന്റെ മൂലഗ്രന്ഥമായ ഖുർആനിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളവ യാണ്" (ഇസ്ലാമിക ദർശനം, 2006: 3).

ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനേക്കാൾ ഉന്നതനാണെന്ന് ഇസ്ലാം വിശ്വസിക്കുന്നില്ല. എല്ലാ മനുഷ്യരിൽ നിന്നും നിർഭയത്വം ഉണ്ടാകുമ്പോൾ മാത്രമേ മനസ്സ് സ്വസ്ഥമാകുകയുള്ളു എന്നാണ് ഇസ്ലാമിക മനോഭാവം. സഹജീവികൾ, ജന്തുജാലങ്ങൾ, സസ്യങ്ങൾ,

വിശാലമായ ഭൂഗോളം, ബഹിരാകാശം ഇവയുടെയൊക്കെ സുന്ദരമായ നിലനിൽപ്പും സുഖവുമാണ് സമാധാനം കൊണ്ട് ഇസ്ലാം ലക്ഷ്യമാക്കുന്നത്. അസ്സലാമു അലൈക്കും' അഥവാ നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ' എന്ന് അഭിവാദാനം ചെയ്യുന്നത് കേവല മൊരു ചടങ്ങെന്നതിനപ്പുറം വിശ്വാസ പ്രമാണത്തിന്റെ പ്രകടനമെന്ന നിലയിലാണ്. ഏക വിശ്വാസം, ഏക ആചാരക്രമം, ഏക ഗ്രന്ഥം, ഏക സമൂഹം എന്നിങ്ങനെ ഏകരൂപ ഭാവങ്ങളുടേതായ സമത്വസമൂഹമാണ് ഇസ്ലാം വിഭാവനം ചെയ്യുന്നത്. സമന്മാരുടെ ലോകമെന്ന കാഴ്ചപ്പാടിനെ സാധൂകരിക്കുന്നതാണ് ഡിസെബിലിറ്റി യുമായി ബന്ധപ്പെട്ട ഇസ്ലാമിക സങ്കല്പനങ്ങൾ എന്നു മനസ്സിലാക്കാ വുന്നതാണ്.

സ്വഹാബികളിൽ പ്രമുഖനായ കാഴ്ചപരിമിതിയുള്ള 'അബ്ദുല്ലാഹി ബിനു ഉമ്മുമക്തൂം' ഖുർ-ആൻ പഠിക്കണമെന്ന ആഗ്രഹവുമായി മുഹമ്മദ്നബിയുടെ പക്കലെത്തിയപ്പോൾ അദ്ദേഹ ത്തിനു നേരെ മുഖം തിരിഞ്ഞു നിന്ന നബിയുടെ നടപടിയെ വിമർശിക്കുന്ന ഖുർ-ആൻ വചനങ്ങൾ എട്ടാം അദ്ധ്യായത്തിൽ 42ാം സൂക്തങ്ങളിൽ കാണാം. ഖുർ-ആനിൽ നബിയെ വിമർശി ക്കുന്ന ഒരേയൊരു ഭാഗമാണത്.

"പ്രവാചകർ ഖുറൈശി നേതാക്കന്മാരോട് സംസാരിക്കുക യായിരുന്നു, ആ സമയം പ്രവാചകൻ ഉമ്മു മക്തൂമിനെ ഗൗനിച്ചില്ല, അത് അദ്ദേഹത്തിൽ ചെറിയ വിഷമം ഉളവാക്കി, ഉടനെ നബിയെ ഓർമ്മപ്പെടുത്തി കൊണ്ടു ഖുർ-ആൻ വചനം ഇറങ്ങി (താങ്കളുടെ അടുക്കൽ കാഴ്ച പരിമിതിയുള്ള ഒരാൾ വന്നിട്ട് നിങ്ങൾ മുഖം തിരിച്ചു കളഞ്ഞിരി ക്കുകയാണോ) (സൂറത്ത് അബസ 1, 2) അപ്പോൾ തന്നെ പ്രവാചകൻ ഉമ്മു മക്തൂമിന്റെ ആവശ്യം നിറവേറ്റുകയും ചെയ്തു. ഉമ്മു മക്തൂമിന്റെ പാണ്ഡിത്യവും, ശബ്ദമാധുര്യവും കാരണം ബിലാൽ (റ) ന്റെ കൂടെ ബാങ്ക് വിളിക്കാൻ അദ്ദേഹത്തെ കൂടി ഏൽപിക്കുമായിരുന്നു. മാത്രവുമല്ല അദ്ദേഹത്തിന്റെ ബുദ്ധിശക്തി യും നേതൃപാടവും കാരണം പ്രവാചകന് യുദ്ധത്തിനും മറ്റും പോകുമ്പോൾ 13 തവണ മദീനയുടെ ഭരണനിയന്ത്രണം ഏൽപിച്ചി രുന്നു എന്ന് ചരിത്രത്തിൽ കാണാം. അവസാനം ഖാദിസിയ്യ യുദ്ധത്തിൽ കൊടിപിടിച്ചു കൊണ്ടാണ് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചത്."

ഇവിടെ കാഴ്ചയില്ലാത്ത സ്വഹാബിയുടെ ഡിസെബിൾഡ് ശരീരത്തെയും അതുവഴി അദ്ദേഹത്തിന്റെ അസ്തിത്വത്തെയും അംഗീകരിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. അനുഗ്രഹം, ശിക്ഷ

എന്നീ ദ്വന്ദങ്ങൾക്കപ്പുറത്തു നിന്നുകൊണ്ട് മനുഷ്യനായിരിക്കുന്നതിന്റെ സ്വാഭാവികതയായി ഡിസെബിലിറ്റിയെ കാണാനാണ് ഇസ്ലാം ശ്രമിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. അതിന്റെ ആദ്യപടി ഡിസെബിലിറ്റിയെ അംഗീകരിക്കുക എന്നതാണ്. ഡിസബിൾഡ് ശരീരത്തോടുള്ള സഹതാപവും അതിൽ നിന്നുരുത്തിരിയുന്ന ചികിത്സാഉപദേശങ്ങളും സ്വാഭാവികമായും ചെന്നെത്തുന്നത് 'പൂർണ്ണത' സങ്കല്പങ്ങളോടുള്ള പൊതു താല്പര്യങ്ങളിലേക്കാണ്. 2021 ലെ മാർച്ച് ലക്കത്തിൽ തെളിച്ചം മാസികയിൽ പ്രസിദ്ധീകൃതമായ നമ്മുടെ സമുദായം എത്രമാത്രം ഭിന്നശേഷി സൗഹൃദമാണ്' എന്ന ലേഖനം ശാരീരികവും മാനസികവുമായ പൂർണ്ണ -അപൂർണ്ണ സങ്കല്പങ്ങളെ സംബന്ധിച്ച ഇസ്ലാമിക നിലപാടുകളെ അവതരിപ്പിക്കുന്നതായി കാണാം. പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്ന കാലത്ത് നടന്ന ഒരു വാഹനാപകടത്തിൽ കഴുത്തിനുതാഴെ ചലനശേഷി നഷ്ടപ്പെട്ട 'റഊസ് ഹിദായ'യുടേതാണ് ഈ ലേഖനം. 'പടച്ചവന്റെ സൃഷ്ടിപ്പിൽ ഓരോ മനുഷ്യനും തീർത്തും വിഭിന്നമായ ശേഷികൾ ഉള്ളവരാണ്. ചിന്തയും കാഴ്ച്ചപ്പാടും കഴിവും ഒക്കെ ഓരോരുത്തരിലും വ്യത്യസ്തമാണ്. അതിനെയൊക്കെ അതേരീതിയിൽ അംഗീകരിക്കുക എന്നതാണ് വിശ്വാസിയുടെ ദൗത്യം. മനുഷ്യന്റെ ദൗത്യമായി അല്ലാഹു പറഞ്ഞത് അവനെ നാം പ്രതിനിധിയായി (ഖലീഫ) നിയോഗിച്ചു എന്നാണ്. ഓരോരുത്തരുടെയും ഖിലാഫത്ത് വ്യത്യസ്തമാവും. അതിനനുസരിച്ച ശരീരവും കഴിവും പ്രാപ്തിയുമൊക്കെയാണ് അല്ലാഹു അവർക്ക് നൽകുന്നതും. വ്യത്യസ്തമായ ജീവിതനിയോഗങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിയാണ് നമ്മെ സൃഷ്ടിപ്പിൽ വ്യത്യസ്തരാക്കിയതും. ഈ വൈവിധ്യങ്ങളെ ഇസ്ലാം അംഗീകരി ക്കുകയും ചെയ്യുന്നു. ഓരോ മനുഷ്യനും അവന്റേതായ പൂർണതയിലാണ് എന്ന അടിസ്ഥാനവിശ്വാസമാണ് നമ്മെ നയിക്കേണ്ടത്. അതേസമയം, ഇത്തരത്തിൽ ശാരീരിക ബലഹീനതകൾ അനുഭവിക്കുന്നവരെക്കുറിച്ച് വിധിക്കെതിരെ പോരാടിയവൻ, വിധിയെ തോൽപിച്ചവൻ എന്നൊക്കെയുള്ള ഓമനപ്പേരിട്ടു നമ്മൾ നടത്തുന്ന പ്രയോഗം സത്യത്തിൽ ഒരുതരം കുഫ്റി (ദൈവനിഷേധം)ന്റെ പ്രയോഗമാണ്. നമ്മുടെ വിധിയെ നാം തോല്പിക്കുകയോ അതിനെതിരെ പോരാടുകയോ അല്ല, മറിച്ച് സമ്പൂർണമായി അതിനെ അംഗീകരിക്കുകയും വിധേയപ്പെടുകയുമാണ്. കാരണം ഇതാണ് എന്റെ/നമ്മുടെ വിധി എന്നതുതന്നെ. ഇസ്ലാം ഒരിക്കലും ശേഷി (ability)യെ ശരീരവുമായി ബന്ധപ്പെടുത്തുന്നില്ല എന്നതും ശ്രദ്ധേയമാണ്. മറിച്ച് അതു മുഴുവൻ ആത്മാവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുകൊണ്ടുതന്നെ

കൈപോലും സ്വന്തം ചലിപ്പിക്കാനാകാത്ത എന്നെ സംബന്ധിച്ചിടത്തോളം അല്ലാഹു ഏല്പിച്ച നിയോഗദൗത്യം(ഖിലാഫത്ത്) പൂർത്തീകരിക്കാനുണ്ടെങ്കിൽ ആ ദൗത്യം ഒരിക്കലും ശരീരവുമായി ബന്ധപ്പെട്ടതല്ലെന്നു നമുക്കു പറയാം. ആത്മാവിനു വൈകല്യങ്ങൾ (dissabilities) എന്ന ഒന്നില്ലല്ലോ (നമ്മുടെ സമുദായം എത്രമാത്രം ഭിന്നശേഷി സൗഹൃദമാണ്, തെളിച്ചം:2021).

അടിസ്ഥാനപരമായി മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദൗർബല്യങ്ങളോടുള്ള വിദ്വേഷ മനോഭാവത്തെ മറികടന്ന് അതിനെ ഒരു അനിവാര്യസത്യമായിക്കണ്ട് അല്ലാഹുവിന് മുന്നിൽ സ്വത്വത്തെ സമർപ്പിക്കാനാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. ഡിസെബിൾഡ് വ്യക്തിളെ പ്രചോദനത്തിന്റെയോ സഹതാപത്തിന്റെയോ വസ്തുക്കളായി കാണുന്ന ഏബിലിസ്റ്റ് പൊതുബോധത്തെ സ്റ്റെല്ല യംഗ് ഇൻസ്പിരേഷൻ പോൺ' എന്നാണ് വിളിച്ചത്. 'ഞാൻ നിങ്ങളുടെ പ്രചോദനമല്ല വളരെ നന്ദി' എന്ന തലക്കെട്ടിൽ സ്റ്റെല്ല യംഗ് നടത്തിയ പ്രശസ്തമായ അവതരണത്തിലാണ് 'ഇൻപിരേഷൻ പോൺ' എന്ന ആശയം വാചാലമായി ചർച്ച ചെയ്യപ്പെട്ടത്. ഡിസെബിലിറ്റിയെ കുറിച്ചുള്ള സാമൂഹിക വാർപ്പ്മാതൃകകളെയും തെറ്റിദ്ധാരണകളെയും വെല്ലുവിളിച്ച സ്റ്റെല യംഗ്, ജീവിതത്തിന്റെ സമസ്ത മേഖലകളിലും പങ്കെടുക്കുന്നതിൽ നിന്ന് ഡിസെബിൾഡ് വ്യക്തി കളെ തടയുന്ന വ്യവസ്ഥാപരമായ തടസ്സങ്ങളെയും മുൻവിധികളെയും അഭിസംബോധന ചെയ്തു. ഉദാരപ്രശംസകളിൽ നിന്ന് വിഭിന്നമായി സകലമനുഷ്യരിലും അന്തർലീന മായിരിക്കുന്ന ഡിസെബിലിറ്റിയെ അംഗീകരിക്കാനുള്ള മനോഭാവം വളർത്തുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുകയെന്ന സ്റ്റെല്ല യംഗിന്റെ ആശയത്തോട് ചേർന്നു നിൽക്കുന്നതാണ് ഒരു പരിധിവരെ ഡിസെബിലിറ്റിയുമായി ബന്ധപെട്ട ഇസ്ലാമിക സങ്കല്പനങ്ങൾ എന്ന് പറയാം.

ഇസ്ലാമികചരിത്രം വിശകലനം ചെയ്യുമ്പോഴും മനുഷ്യരെല്ലാം അപൂർണ്ണരും പരസ്പരാശ്രിതരുമാണെന്ന കാഴ്ചപ്പാടുകൾ പലയിടങ്ങളിലും പ്രതിഫലിക്കുന്നതായി കാണാം. പ്രവാചകന്റെ തൊട്ടടുത്ത നാലു ഖലീഫമാരിൽ ആദ്യത്തെ ഭരണാധികാരിയായിരുന്ന അബൂബക്കർ അധികാരമേറ്റെടുത്തതിനു ശേഷം നടത്തിയ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. 'ഞാൻ നിങ്ങളിൽ വെച്ച് മികച്ചവനല്ല. എനിക്ക് നിങ്ങളുടെ മുഴുവൻ ഉപദേശവും സഹായവും ആവശ്യമാണ്' (ഇസ്ലാമിക ചരിത്രം, 2019: 49). അത്യുന്നത പദവിയോ മറ്റലങ്കാരങ്ങളോ ഒന്നും തന്നെ മനുഷ്യനെ

പൂർണ്ണനാക്കുന്നില്ലെന്നും എല്ലാവരും ആത്യന്തികമായി ദുർബലരാണെന്നും ഈ പ്രസ്താവന  സൂചിപ്പിക്കുന്നു.

ഇസ്ലാമികചരിത്രത്തിൽ ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട സങ്കീർണ്ണവും വൈവിധ്യപൂർണ്ണവുമായ സമീപനങ്ങളുണ്ട്. സാംസ്കാരികവും സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളെ അടിസ്ഥാനമാക്കി ഇസ്ലാമിക സമൂഹങ്ങൾക്കുള്ളിൽ ഡിസെബിൾഡ് വ്യക്തികളുടെ വീക്ഷണങ്ങളും പെരുമാറ്റവും വ്യത്യസ്തമാണെന്ന് തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. വിവേചനത്തിന്റെയും മോശമായ പെരുമാറ്റത്തിന്റെയും സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഇസ്ലാമികപഠനങ്ങൾ ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഉൾക്കൊള്ളൽ, ബഹുമാനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതായി കാണാം. ആദ്യകാല ഇസ്ലാമിക ചരിത്രത്തിൽ, മുഹമ്മദ്നബിയുടെ പ്രവർ ത്തനങ്ങളും വാക്കുകളും (ഹദീസുകൾ) ഡിസബിൾഡ് വ്യക്തികളോട് എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. ചില ഹദീസുകൾ ഡിസബിൾഡ് വ്യക്തികളെ പിന്തുണയ്ക്കേണ്ടതിന്റെ  പ്രാധാന്യം എടുത്തുകാണിക്കുന്നു. ഇസ്ലാമിക വാസ്തുവിദ്യയും നഗരാസൂത്രണവും ഡിസബിൾഡ് വ്യക്തികളെ  ഉൾക്കൊള്ളാനുള്ള പ്രവണത ഒരു പരിധിവരെ പ്രകടമാക്കുന്നതായി മനസ്സിലാക്കാം. മസ്ജിദുകൾ പലപ്പോഴും റാമ്പുകളോ സൗകര്യങ്ങളോ ഉപയോഗിച്ച് രൂപകല്പന ചെയ്യുന്നത് ചലനാത്മക വെല്ലുവിളികളുള്ള വിശ്വാസികളെ ഉൾക്കൊള്ളാൻ വേണ്ടിയാണ്. ഇത് എല്ലാ മുസ്ലീങ്ങൾക്കും മതപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയുമെന്ന് ഉറപ്പ് നൽകുന്നു.

ഇസ്ലാമിക പണ്ഡിതനും വൈദ്യനുമായ അവിസെന്ന എന്നറിയപ്പെടുന്ന ഇബ്ൻ സീന  ഡിസെബിലിറ്റിയെയും അവയുടെ ചികിത്സയെയും കുറിച്ചുള്ള കൃതികൾ രചിക്കുകയും ഡിസെബിൾഡ് വ്യക്തികളെ മനസ്സിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി വാദിക്കുകയും ചെയ്തു. ഇസ്ലാമിക സമൂഹങ്ങളിലെ ഡിസെബിലിറ്റിയുടെ ചരിത്രം ബഹു മുഖമാണെന്നും കാലക്രമേണ അത് വികസിച്ചുവെന്നും തിരിച്ചറിഞ്ഞുകൊണ്ട് ഈ വിഷയ ത്തെ സംവേദനക്ഷമതയോടെയും സൂക്ഷ്മതയോടെയും സമീപിക്കേണ്ടത് നിർണായകമാണ്. മാത്രമല്ല, മുസ്ലീം ലോകത്തിനുള്ളിലെ വ്യത്യസ്ത സംസ്കാരങ്ങളിലും പ്രദേശങ്ങളിലും മനോഭാവങ്ങളും സമ്പ്രദായങ്ങളും വ്യാപകമായി വ്യത്യാസപ്പെടുന്നു എന്നും മനസിലാക്കേണ്ടതുണ്ട്.

**ഖുർആനിലൂടെ**

മനുഷ്യ ജീവിതം, വിശ്വാസം, വിജ്ഞാനം, വിനയം, വിപ്ലവം, വിമോചനം, സ്നേഹം, കരുണ, മാനവികമൂല്യങ്ങൾ തുടങ്ങി മനുഷ്യനെ ബാധിക്കുന്ന സകല കാര്യങ്ങളെ സംബന്ധിച്ചും ഇസ്ലാമിന്റെ പ്രഥമ പ്രമാണമായ വിശുദ്ധ ഖുർ-ആനിൽ ചർച്ചചെയ്യപ്പെടുന്നു. സത്യം, നീതി, സ്വാതന്ത്ര്യം, സഹിഷ്ണുത ഇവ പൂർണ്ണമായും ഖുർ-ആൻ അംഗീകരി ക്കുന്നതായി കാണാം. വർഗ്ഗ- വർണ്ണ- രൂപ വൈജാത്യങ്ങൾക്കതീതമായി ഖുർ-ആൻ ഏകത്വത്തിൽ വിശ്വസിക്കുന്നതായി മനസ്സിലാക്കാം. പരസ്പരാശ്രയ മെന്ന ആശയത്തോട് കൂടുതൽ പൊരുത്തപ്പെടുന്ന കാഴ്ചപ്പാടാണ് ഖുർ-ആൻ അവതരിപ്പിക്കുന്നത്. മനുഷ്യന്റെ സ്വയാധികാരത്തെ സ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി പരസ്പരാശ്രയത്വമെന്ന ആശയെത്ത ഖണ്ഡിക്കുന്നതിനു പകരം സ്വാശ്രയത്വത്തെയും സ്വയാധികാരത്തെയും ശക്തിപ്പെടുന്ന ഒന്നായി ബന്ധങ്ങളെ നോക്കിക്കാണാനാണ് ഖുർ-ആൻ ശ്രമിക്കുന്നത്. സ്വാശ്രയത്വം എന്ന ആശയത്തെ മനസ്സിലാക്കേണ്ടത് മനുഷ്യൻ പരാശ്രയനാണെ ന്ന സത്യത്തെ ഉൾക്കൊണ്ടു കൊണ്ടായിരിക്കണം എന്നതാണ് ഇസ്ലാമികപക്ഷം. ഡിസെബിലിറ്റിയെ വ്യക്തിഗത ദുരന്തമായി കണക്കാക്കുന്ന മെഡിക്കൽ മാതൃക സിദ്ധാന്ത ത്തിന്റെ പ്രതികരണ മായി വികസിപ്പിച്ചെടുത്ത സാമൂഹികമാതൃക സിദ്ധാന്തം ഡിസെ ബിലിറ്റി എന്നത് ഒരു വ്യക്തിയുടെ മാത്രമല്ല, സാമൂഹികവും സാംസ ്കാരികവും ശാരീരി കവുമായ തടസ്സങ്ങളുടെ ഫലമാണെന്ന് എടുത്തുകാണിക്കുന്നു. വൈവിധ്യമാർന്ന ആവശ്യ ങ്ങൾ ഉൾക്കൊള്ളുന്നതിൽ സമൂഹത്തിന്റെ പരാജയമാണ് ഡിസെബിലിറ്റി യേക്കാൾ വ്യക്തികളെ അപ്രാപ്തമാക്കുന്നതെന്ന് ഇത് വാദിക്കുന്നു. പൂർണ്ണതയെ സംബന്ധിച്ച പൊതുബോധ കാഴ്ചകളെ ഖുർആൻ സൂക്തങ്ങൾ അപനിർമ്മിക്കുന്നതായി കാണാം. മനുഷ്യരെല്ലാം അശക്തരും ബലഹീനരുമാണെന്നും അതിനാൽ തന്നെ ലോകരെല്ലാം അപൂർണ്ണരാണെന്നും ഖുർ-ആൻ പ്രസ്താവിക്കുന്നു. 'നിങ്ങളെ ബലഹീനമായ അവസ്ഥയിൽ നിന്നു സൃഷ്ടിച്ചുണ്ടാക്കി യവനാകുന്നു അല്ലാഹു പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവ്വജ്ഞനും സർവ്വശക്തനും (30:54, പുറം -782). 'നിങ്ങൾക്ക് ഭാരം കുറച്ചു തരണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. ദുർബലനായിക്കൊണ്ടാണ് മനുഷൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (4:28, പുറം - 147).

എല്ലാ മനുഷ്യരെയും ദുർബലനായാണ് സൃഷ്ടിച്ചിരക്കുന്ന തെന്ന് ആവർത്തിച്ചു കൊണ്ട് ശാരീരികവും മാനസികവുമായ അധികാരഗർവ്വുകളിൽ ആരും തന്നെ അഭിരമിക്കുകയോ അഹങ്കരിക്കുകയോ ചെയ്യേണ്ടതില്ല എന്ന് ഖുർ-ആൻ വ്യക്തമാക്കുന്നു. ശേഷി (ability) ചിന്തകളെയെല്ലാം അപ്രസക്തമാക്കിക്കൊണ്ട് മാനവികതയുടെ വൈവിധ്യത്തിന് ഖുർ-ആൻ പ്രാധാന്യം നൽകുന്നതായി കാണാം. ശാരീരികമോ മാനസികമോ ആയ കഴിവുകളുടെ അടിസ്ഥാനത്തിൽ ആരും മറ്റൊരാളേക്കാൾ ശ്രേഷ്ഠരല്ല എന്ന തത്വത്തെ മുറുകെപ്പിടിക്കാനാണ് ഇസ്ലാം ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കാം. മനുഷ്യ ശരീരത്തിന്റെ ദൗർബല്യവുമായി ബന്ധപ്പെട്ട നിരവധി സൂക്തങ്ങൾ ഖുർ-ആനിൽ കാണാൻ സാധിക്കും. 'ഇപ്പോൾ അല്ലാഹു നിങ്ങൾക്കു ഭാരം കുറച്ചു തന്നിരിക്കുന്നു. നിങ്ങളിൽ ബലഹീനതയുണ്ട് എന്നവർ അറിയുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ നൂറു പേരുണ്ടായിരുന്നാൽ അവർക്ക് ഇരുനൂറ് പേരെ ജയിക്കാവുന്നതാണ്. നിങ്ങളുടെ കൂട്ടത്തിൽ ആയിരംപേരുണ്ടായിരുന്നാൽ അല്ലാഹുവിന്റെ അനുമതി പ്രകാരം രണ്ടായിരം പേരെ അവർക്ക് ജയിച്ചടക്കാവുന്നതാണ്. അല്ലാഹു ക്ഷമാശീലരോടൊപ്പമാകുന്നു (8:66 പുറം 331), 'ഒരു ബീജത്തിൽ നിന്ന് അവനെ സൃഷ്ടിക്കുകയും എന്നിട്ടവനെ വ്യവസ്ഥപ്പെടുത്തുകയും ചെയ്തു (80:19, പുറം 1175), 'നിസ്സാരപ്പെട്ട ഒരു ദ്രാവകത്തിൽ നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചില്ലേ? (77:29 പുറം 1164).

മനുഷ്യന്റെ മാനസിക ദൗർബല്യത്തെ കുറിച്ച് ഖുർആനിൽ പറയുന്നതിങ്ങനെയാണ്: 'തീർച്ചയായും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അങ്ങേയറ്റം അക്ഷമനായിക്കൊണ്ടാണ് (70: 19, പുറം 1132). സ്വന്തം മാനസികാവസ്ഥയെ നിയന്ത്രിക്കാൻ പോലും അശക്തനായ മനുഷ്യനെയാണ് ഈ സൂക്തം വെളിപ്പെടുത്തുന്നത്. പൂർണ്ണമായ അറിവോടു കൂടിയ ഒരു മനുഷ്യനും ഈ ലോകത്തിലില്ലെന്നും മനുഷ്യജ്ഞാനം വളരെ പരിമിതമാണെന്നും അതിനാൽ തന്നെ സമ്പൂർണ്ണ ജ്ഞാനിയെന്ന നിലയിൽ ആരും അഹങ്കരിക്കേണ്ടതില്ലെന്നും ഖുർ-ആനിലെ 17-ാം അദ്ധ്യായത്തിലെ 85ാം സൂക്തത്തിൽ പറയുന്നതായി കാണാം. 'അറിവിൽ നിന്ന് അല്പമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല (17:85 പുറം 537). ജ്ഞാനമെന്നത് ഓരോ വ്യക്തിയിലും അപൂർണ്ണമാണെന്നതു കൊണ്ട് തന്നെ എന്താണ് അടുത്ത നിമിഷം പ്രവർത്തിക്കുക എന്നത് നിർവ്വചനാതീതമാണെന്ന സൂചനയും ഇതോടൊപ്പം നൽകുന്നു. 'നാളെ താൻ എന്താണ്

പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുകയെന്നും ഒരാളും അറിയുകയില്ല'(31:34, പുറം 791). തന്റെ അശക്തിയെ കുറിച്ച് ധാരണയുള്ള ഓരോ മനുഷ്യനും അല്ലാഹുവിനു മുൻപിൻ അത്യുന്നതനാണെന്നും ഖുർ-ആൻ വിശദമാക്കുന്നു. 'തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു (68:4 പുറം 1119). ഇവിടെ ഉദ്ദരിക്കപ്പെട്ട സൂക്തങ്ങൾ മനുഷ്യന്റെ അടിസ്ഥാന ബലഹീനതയെ അംഗീകരിക്കുന്നതോടൊപ്പം അതിനെ സ്ഥാപിക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കലാണ് അല്ലാഹു വിന്റെ മുമ്പിൽ ഓരോ മനുഷ്യനും കാണിക്കേണ്ട ഏറ്റവും മഹത്തായ അർപ്പണമായി ഇസ്ലാം കണക്കാക്കുന്നത്. സ്വയം ബലഹീനനാണെന്ന ബോധത്തെ അപകർഷകതയോടെ നോക്കിക്കാണാതെ ആ സത്യസന്ധതയെ പ്രോത്സാഹിപ്പിക്കുകയാണ് വാസ്തവത്തിൽ ഖുർ-ആൻ  ചെയ്യുന്നത്. സാമൂഹികനിർമ്മിത സിദ്ധാന്തമനുസരിച്ച് ഡിസെബിലിറ്റി എന്ന ആശയം സമൂഹത്തിന്റെ മനോഭാവങ്ങളും വിശ്വാസങ്ങളും രൂപപ്പെടുത്തുകയും നിർവചി ക്കുകയും ചെയ്യുന്നുണ്ട്. എല്ലാ വ്യക്തികളുടെയും ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതിനായി സമൂഹം മാറണമെന്ന് ഇത് നിർദ്ദേശിക്കുന്നു. ഇസ്ലാമിക വീക്ഷണത്തിൽ ഡിസെബിലിറ്റി -എബിലിറ്റി എന്നീ ദ്വന്ദങ്ങളെ ശാരീരിക പ്രാപ്തിയുടെ അഭാവമോ പ്രഭാവമോ ആയല്ല മനസ്സിലാക്കുന്നത്; മറിച്ച് ആത്യന്തികമായ മനുഷ്യന്റെ ബലഹീനതയെ ഉൾക്കൊള്ളലാണ് ഏറ്റവും വലിയ എബിലിറ്റിയായി ഇസ്ലാം പരിചയപ്പെടുത്തുന്നതെന്ന് കാണാം. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക സൈദ്ധാന്തികമാതൃക ഒരു വ്യക്തിയും അവരുടെ പരിസ്ഥിതിയും തമ്മിലുള്ള പരസ്പര ബന്ധത്തെ തിരിച്ചറിയുന്നു.  ഒരു വ്യക്തി ജീവിക്കുന്ന ശാരീരികവും സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം ഡിസെബിലിറ്റിയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ഇത് പരിശോധിക്കുന്നു. ഒപ്പം ഉൾക്കൊള്ളേണ്ടതും പ്രാപ്യമാക്കേണ്ടതുമായ ചുറ്റുപാടുകളുടെ ആവശ്യകത ഊന്നിപ്പറ യുന്നു. ഈയൊരു വസ്തുതയെ ഉൾകൊള്ളാതെ തങ്ങൾ പരിപൂർണരാണെന്ന് അജ്ഞത നടിക്കുന്നവരെ കുറിക്കുന്നതിനാണ് ഖുർ-ആൻ അന്ധർ, ബധിരർ എന്നീ വാക്കുകൾ  പ്രയോഗിക്കുന്നത്.  'സത്യനിഷേധികളെ ഉപമിക്കാവുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ ചിന്തിച്ചു ഗ്രഹിക്കുന്നില്ല (2:171, പുറം 45).

അനുകമ്പ, സഹാനുഭൂതി എന്നിവയ്ക്കപ്പുറത്ത് ഉൾപ്പെടുത്തൽ എന്ന പ്രക്രിയയുമായി ഡിസെബിലിറ്റിയെ കൂട്ടിച്ചേർത്ത് വായിക്കുന്ന ആശയ സംഹിതകളാണ് ഖുർ-ആൻ സൂക്തങ്ങളിൽ ആവിഷ്കൃതമായിട്ടുള്ളത്. ഡിസെബിൾഡ് വ്യക്തികളോട് ആദരവോടും മാന്യതയോടും പെരുമാറാനും ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവരെ പിന്തുണയ്ക്കാനും ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നു. ഡിസെബിലിറ്റിയുടെ ന്യൂനപക്ഷ സൈദ്ധാന്തിക മാതൃക ഡിസബിലിറ്റിയെ മാനുഷിക വൈവിധ്യത്തിന്റെ ഭാഗമായി കാണുകയും ഡിസബിൾഡ് വ്യക്തികളെ സാമൂഹികവും രാഷ്ട്രീയവുമായ ന്യൂനപക്ഷ വിഭാഗമായി അംഗീകരിക്കുന്നതിന് വേണ്ടി വാദിക്കുകയും ചെയ്യുന്നു. ഡിസേബിൾഡ് വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഈ മാതൃക ലക്ഷ്യമിടുന്നു. അതുപോലെ ഡിസെബിലിറ്റിയുടെ ഇന്റർസെക്ഷണാലിറ്റി സിദ്ധാന്തം പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപെടുന്ന ഡിസബിൾഡ് വ്യക്തികളുടെ സങ്കീർണ്ണമായ അനുഭവങ്ങൾ എടുത്തുകാണിക്കുന്നു. ഈ സമീപനങ്ങൾ സാമൂഹിക നീതി, അവകാശ പ്രഖ്യാപനം എന്നിവയുടെ ഇസ്ലാമിക മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നു, മാത്രമല്ല സമൂഹത്തിൽ വിവിധതരത്തിൽ പരിരക്ഷ ആവശ്യമുള്ള ന്യൂനപക്ഷ വിഭാഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടതിന്റെ പ്രാധാന്യം ഇത് അടിവരയിടുന്നു. മനുഷ്യർ എന്ന നിലയിലുള്ള അവരുടെ അന്തർലീനമായ മൂല്യവും അന്തസ്സും ഊന്നിപ്പറയുന്നു.

**നിഗമനം**

ഇസ്ലാമനുസരിച്ച്, ഡിസെബിൾഡ് വ്യക്തികളെ സമൂഹത്തിൽ സമന്വയിപ്പിക്കുക എന്നത് അവരുടെ വൈകാരികവും മാനസികവുമായ ക്ഷേമത്തിന്റെ കാര്യത്തിൽ നിർണായകമായ കാര്യമാണ്. മുസ്ലിംകൾ ഒരേ വിശ്വാസങ്ങളും തത്വങ്ങളുമാണ് പങ്കിടുന്നതെങ്കിലും ഒരു വ്യക്തിയുടെ വിശ്വാസത്തിന്റെ തീവ്രത, വിദ്യാഭ്യാസം, അവബോധം, അതിലും പ്രധാനമായി അവരുടെ സാംസ്കാരിക പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിയുടെയും ഡിസെബിലിറ്റിയെ സംബന്ധിച്ച മനോഭാവത്തിൽ വ്യത്യാസം വരാം. ആത്മീയ വ്യക്തിത്വം ഡിസെബിൾഡ് വ്യക്തിത്വവുമായി ബന്ധപ്പെട്ടു നിൽക്കുന്നു എന്നതിൽ സാംസ്കാരിക ഘടകങ്ങൾക്കും വലിയ പങ്കുള്ളതായി മനസ്സിലാക്കാവുന്നതാണ്. ആത്മീയ വ്യക്തിത്വവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സംസ്കാരങ്ങൾ ശാപം, ഭാരം, അനുഗ്രഹം, ശക്തി,

ദയ, കരുതൽ തുടങ്ങിയ നിലകളിലാണ് ഡിസബിലിറ്റിയെ സമീപിക്കുന്നതെന്ന് മനസ്സിലാക്കാം. സംസ്കാരവും ആത്മീയതയും ഡിസെബിലിറ്റിയെ സംബന്ധിച്ച വ്യക്തിയുടെ കാഴ്ചപ്പാടിൽ പലപ്പോഴും സ്വാധീനം ചെലുത്താറുണ്ട്. ഡിസെബിലിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഖുർ-ആൻ വായന സാധ്യമാക്കുന്നത് അംഗീകരണത്തിന്റെയും ഉൾച്ചേർക്കലുകളുടെയും വീക്ഷണങ്ങ ളാണ്. അനുകമ്പ-സഹാനുഭൂതി എന്നീ സങ്കല്പനങ്ങൾക്കപ്പുറ ത്താണ് ഈ വീക്ഷണം നിലകൊള്ളുന്നത്. താൻ സ്വയം ബലഹീനനാണെന്ന ബോധ്യപ്പെടലിനെയും അംഗീകരിക്കലി നെയും ബൗദ്ധികമായ പിന്നോക്കമായോ അപകർഷകതയായോ ഖുർ-ആൻ അവതരിപ്പിക്കുന്നില്ല എന്ന് പറയാം. ഡിസെബിലിറ്റി എന്ന വിഷയത്തെ ക്രിയാത്മകമായി സമീപിക്കുകയും, എല്ലാ മനുഷ്യരും അടിസ്ഥാനപരമായി അപൂർണ്ണരാണെന്ന് വാദിക്കുക്കു കയും ചെയ്യുന്നതിലൂടെ ഇസ്ലാം പരസ്പരാശ്രിതത്വത്തെ പ്രോത്സാ ഹിപ്പിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. മാത്രമല്ല, സാമൂഹിക ഉത്തരവാദിത്വമായി ഈ വിഷയത്തെ മനസ്സിലാക്കുന്ന തിലേക്കുള്ള വിശാലമായ ഒരു ആത്മീയ തലം അതിലേക്ക് ഉൾച്ചേർ ക്കുകകൂടി ചെയ്യുന്ന മാനവിക ദർശനമാണ് ഇസ്ലാം മുന്നോട്ട് വെക്കുന്നത് എന്ന് മനസ്സിലാക്കാം.

**ഗ്രന്ഥസൂചി:**


അസ്സൻ, കെ. (2019). *ഇസ്‌ലാമികചരിത്രം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചെറിയമുണ്ടം അബ്ദുൽ ഹമീദ് & കുഞ്ഞിമുഹമ്മദ് പറപ്പൂർ. (2013). *വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ,* അൽ മദീന: മലിക് ഫഹ്ദ് ഖുർആൻ പ്രിന്റിംഗ്പ്രസ്സ്.

സയ്യിദ് മൊഹിദീൻ ഷാ, മുഹമ്മദ്, വി & കുട്ടിയാമു, ടി.പി. (2006). *ഇസ്‌ലാമികദർശനം,* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

അസ്‌ലം ഹുദവി കുന്നത്തിൽ. (2021). *വാർധക്യം, അവശത, ഭിന്നശേഷി: ഇസ്‌ലാം ഇടം കൊടുക്കുന്ന വിധം,* മലപ്പുറം: തെളിച്ചം മാസിക,.

റഊസ് ഹിദായ. (2021). *നമ്മുടെ സമുദായം എത്രമാത്രം ഭിന്നശേഷി സൗഹൃദമാണ്,* മലപ്പുറം: തെളിച്ചം മാസിക.



**അഞ്ജലി മോഹൻ എം.ആർ**

ഗവേഷക, മലയാള വിഭാഗം

കെ.കെ.ടി.എം ഗവ.കോളേജ്

പുല്ലൂറ്റ്,കൊടുങ്ങല്ലൂർ

Pin: 680663

Email: anjalimohanmr@gmail.com

Ph: +91 9446204970

ORCID: 0009-0002-4743-8774